# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1580. 04-12-2018 ൽ മറുപടിയ്ക്ക്

## തരിശ്ശു രഹിത പാടശേഖര പദ്ധതിയുടെ പുരോഗതി

**ചോദ്യം**

ശ്രീ.സജി ചെറിയാൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തരിശ്ശു രഹിത പാടശേഖര പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | ജില്ലകളിൽ നിന്നും കൃഷി വകുപ്പ് ശേഖരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള തരിശ് നെല്പാടങ്ങളുടെ വിസ്തൃതി 46855. 854 ഹെക്ടർ ആണ്. തരിശ്ശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്.<br>ഈ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം പുതിയതായി 2782.3857 ഹെക്ടറും, ഇതിനുപുറമേ 2752 ഹെക്ടറിൽ കരനെൽകൃഷിയും 94 ഹെക്ടറിൽ ഒരുപ്പൂനിലം ഇരുപ്പൂനിലമായി മാറ്റിയതിലൂടെ അധികമായി 94 ഹെക്ടറും 2017-18 ൽ 5485.686 ഹെക്ടറും തരിശ്ശു നിലം കൃഷിയോഗ്യമാക്കി നെൽകൃഷി ചെയ്തു.<br>നടപ്പു സാമ്പത്തിക വർഷം പുതിയതായി 2878 ഹെക്ടർ തരിശ്ശുനിലത്തിൽ നെൽകൃഷിയിറക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നാളിതുവരെ 801.8 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ജില്ലകളിൽ നിന്നും ലഭിക്കുന്ന മുന്നൊരുക്ക പ്രവർത്തനങ്ങളുടെ കണക്കുകൾ അനുസരിച്ച് നടപ്പുവർഷം 4000 ഹെക്ടറിൽ കൂടുതൽ തരിശ്ശുനിലത്ത് നെൽകൃഷി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ തരിശുരഹിത പാടശേഖര പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി 31 പാടശേഖരങ്ങളിലും മറ്റ് പാടങ്ങളിലുമായി ആകെ 283.64 ഹെക്ടറിൽ തരിശുകൃഷി ചെയ്യുന്നതിനു വേണ്ട നടപടികൾ പുരോഗമിക്കുന്നു.<br>ആകെ 283.64 ഹെക്ടർ തരിശുരഹിതമാക്കുന്നതിനു വിത്തു നൽകുക, മാന്നാർ കോയിക്കൽ പള്ളം പാടശേഖരത്തിൽ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി റാമ്പ് പണിയുക മുതലായവ നടന്നു വരുന്നു. |
| (സി) | പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാടശേഖരങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | തരിശു രഹിത പാടശേഖര പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ഡി) | തരിശുരഹിത പാടശേഖര പദ്ധതിയിൽ ഏറ്റവും ശ്രമകരമായ പ്രവർത്തനം കളകയറി ഉറച്ചുപോയ നെൽ വയൽ ഒരുക്കി കൃഷിയിറക്കുന്നതിനനുയോജ്യമായ അവസ്ഥയിലെത്തിക്കുകയാണ്. ഇതിനു പുറമെ നെൽ വിത്ത്, ജൈവവളം, രാസവളം എന്നിവ ഏർപ്പാടാക്കൽ, ഞാറ്റടി തയ്യാറാക്കൽ, നടീൽ, ജലപരിപാലനം, വളപ്രയോഗം, സസ്യസംരക്ഷണം, കളയെടുപ്പ്, വിളവെടുപ്പ് എന്നീ പ്രവർത്തനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ഇ) | പ്രസ്തുത നിയോജകമണ്ഡലത്തിലെ തരിശുരഹിത പാടശേഖര പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ? | (ഇ) | ചെങ്ങന്നൂർ മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി 31 പാടശേഖരങ്ങളിലും മറ്റ് പാടങ്ങളിലുമായി ആകെ 283.64 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനു വേണ്ട നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പഞ്ചായത്ത് | പാടശേഖരം | വിസ്തൃതി (ഹെക്ടർ) |
| --- | --- | --- |
| ആല | മാമ്പ്ര വടക്ക് | 6 |
| | മാമ്പ്ര തെക്ക് | 9 |
| | ചാല്യം പാടം | 55 |
| | കണ്ണമ്പള്ളി | 20 |
| | | **ആകെ=90** |
| ബുധനൂർ | പുതുശ്ശേരിക്കുഴി വട്ടപ്പുറം | 0.4 |
| | ചെറുക്കോട് | 3.88 |
| | ഏഴുമുറം കീറ്റുകോണം | 7.6 |
| | കരിക്കോണം | 10.4 |
| | പടനിലം | 2 |
| | കലായിക്കൽ | 0.8 |
| | പച്ചിലവേലി | 2.12 |
| | | **ആകെ =27.20** |
| ചെറിയനാട് | പൂമാട്ടിൽ | **30** |
| പാണ്ടനാട് | കീഴ്വമ്പഴി | 3.3 |
| | ചിറക്കുഴി | 0.3 |
| | കിളിയന്തറ | 0.64 |
| | വെള്ളപ്പടവ് | 17.4 |
| | വെള്ളപ്പടവ് പുഞ്ച | 2 |
| | | **ആകെ=23.64** |
| പുലിയൂർ | കരിപ്പുറം കീഴ്ച്ചേരിമേൽ | 25 |
| | പടനിലം | 3 |
| | ചിറ്റാറ്റുവയൽ | 4 |
| | നരച്ചമുട്ടം | 3 |
| | പുലിയൂർആല | 20 |
| | | **ആകെ=55** |
| മാന്നാർ | മാറകം | 15 |
| | കോയിക്കൽ പള്ളം | 12 |
| | | **ആകെ=27** |
| മുളക്കുഴ | പൂക്കച്ചാൽ | **20** . |
| തിരുവൻവണ്ടൂർ | ഉമയാറ്റുകര | **0.8** |
| വെൺമണി | വിവിധ പാടശേഖരങ്ങളിലായി | **10** |
| | **ആകെ** | **283.64** |

ഇപ്രകാരം ഒൻപത് പഞ്ചായത്തുകളിലെ 31 പാടശേഖരങ്ങളിലായി 283.64 ഹെക്ടർ ദീർഘകാലം തരിശുകിടന്നിരുന്ന നെൽ വയൽ കൃഷിയോഗ്യമാക്കുന്നു.

**സെക്ഷൻ ഓഫീസർ**